**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1428** **03-02-2026 - ൽ മറുപടിയ്ക്ക്**

**മട്ടന്നൂർ മണ്ഡലത്തിൽ കിഫ്ബി മുഖേന നടത്തിയ വിദ്യാലയനിർമാണ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | പൊതു വിദ്യാഭ്യാസ വകുപ്പ് വഴി മട്ടന്നൂർ മണ്ഡലത്തിൽ കിഫ്ബി മുഖേന ധനകാര്യ അനുമതി നൽകിയ വിദ്യാലയ നിർമ്മാണ പ്രവൃത്തികൾ എതൊക്കെയാണ്; വ്യക്തമാക്കുമോ; | (എ) | മട്ടന്നൂർ നിയോജകമണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടെ ഭൗതികസൗകര്യ വികസനത്തിനായി തെരഞ്ഞെടുത്ത സ്കൂളുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.<br><br>**i) 5 കോടി കിഫ്ബി പദ്ധതി :-**<br><br>5 കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട ജി.എച്ച്.എസ്.എസ് ചിറ്റാരിപ്പറമ്പ് സ്കൂളിന്റെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചു.<br><br>**ii) 3 കോടി കിഫ്ബി പദ്ധതി :-**<br><br>3 കോടി കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 2 സ്കൂളുകൾക്കാണ് ഭൗതികസൗകര്യ വികസനത്തിനായി കിഫ്ബി ഫണ്ടനുവദിച്ചത്. ജി.എച്ച്.എസ്.എസ് മാലൂർ, ജി.വി.എച്ച്.എസ്.എസ് എടയന്നൂർ എന്നീ 2 സ്കൂളുകളുടേയും നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചു.<br><br>**iii) 1 കോടി കിഫ്ബി പദ്ധതി :-**<br><br>1 കോടി കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 3 സ്കൂളുകൾക്കാണ് ഭൗതിക സൗകര്യവികസനത്തിനായി കിഫ്ബി ഫണ്ടനുവദിച്ചത്.<br><br>ജി.എച്ച്.എസ്.എസ് മമ്പറം, ജി.എച്ച്.എസ് പടിയൂർ എന്നീ 2 സ്കൂളുകളുടെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചു.<br><br>ജി.യു.പി.എസ്, മട്ടന്നൂർ സ്കൂളിന്റെ നിർമ്മാണത്തിന് PWD നിർമ്മാണം നടത്തിയ കെട്ടിടത്തിന്റെ മുകളിലാണ് ആദ്യം സ്ഥലം കണ്ടെത്തിയിരുന്നത്. എന്നാൽ കിഫ്ബിയുടെ നിബന്ധന പ്രകാരം ആയത് സാധ്യമാകാത്ത സാഹചര്യത്തിൽ മറ്റൊരു സ്ഥലം എം.എൽ.എ - യുടെ നേതൃത്വത്തിൽ |

| | | | |
|---|---|---|---|
| | | | കണ്ടെത്തിയിരുന്നു. പ്രസ്തുത സ്ഥലത്ത് നിർമ്മാണത്തിനുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കോൺട്രാക്ടർക്ക് Letter of Acceptance നൽകിയിട്ടുണ്ട്. പഴയ കെട്ടിടം പൊളിച്ചു മാറ്റുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. കെട്ടിടം പൊളിച്ചു മാറ്റിയാലുടൻ നിർമ്മാണം ആരംഭിക്കാൻ കഴിയുന്നതാണ്. |
| (ബി) | പ്രസ്തുത വിദ്യാലയങ്ങളുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ? | (ബി) | മട്ടന്നൂർ നിയോജകമണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടെ ഭൗതികസൗകര്യ വികസനത്തിനായി തെരഞ്ഞെടുത്ത സ്കൂളുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.<br><br>**<u>i) 5 കോടി കിഫ്ബി പദ്ധതി :-</u>**<br><br>5 കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട ജി.എച്ച്.എസ്.എസ് ചിറ്റാരിപ്പറമ്പ് സ്കൂളിന്റെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചു.<br><br>**<u>ii) 3 കോടി കിഫ്ബി പദ്ധതി :-</u>**<br><br>3 കോടി കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 2 സ്കൂളുകൾക്കാണ് ഭൗതികസൗകര്യ വികസനത്തിനായി കിഫ്ബി ഫണ്ടനുവദിച്ചത്. ജി.എച്ച്.എസ്.എസ് മാലൂർ, ജി.വി.എച്ച്.എസ്.എസ് എടയന്നൂർ എന്നീ 2 സ്കൂളുകളുടേയും നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചു.<br><br>**<u>iii) 1 കോടി കിഫ്ബി പദ്ധതി :-</u>**<br><br>1 കോടി കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 3 സ്കൂളുകൾക്കാണ് ഭൗതിക സൗകര്യവികസനത്തിനായി കിഫ്ബി ഫണ്ടനുവദിച്ചത്.<br><br>ജി.എച്ച്.എസ്.എസ് മമ്പറം, ജി.എച്ച്.എസ് പടിയൂർ എന്നീ 2 സ്കൂളുകളുടെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചു.<br><br>ജി.യു.പി.എസ്, മട്ടന്നൂർ സ്കൂളിന്റെ നിർമ്മാണത്തിന് PWD നിർമ്മാണം നടത്തിയ കെട്ടിടത്തിന്റെ മുകളിലാണ് ആദ്യം സ്ഥലം കണ്ടെത്തിയിരുന്നത്. എന്നാൽ കിഫ്ബിയുടെ നിബന്ധന പ്രകാരം ആയത് സാധ്യമാകാത്ത സാഹചര്യത്തിൽ മറ്റൊരു സ്ഥലം എം.എൽ.എ - യുടെ നേതൃത്വത്തിൽ കണ്ടെത്തിയിരുന്നു. പ്രസ്തുത സ്ഥലത്ത് നിർമ്മാണത്തിനുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കോൺട്രാക്ടർക്ക് Letter of Acceptance നൽകിയിട്ടുണ്ട്. പഴയ കെട്ടിടം പൊളിച്ചു മാറ്റുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. കെട്ടിടം |

| | | | |
|---|---|---|---|
| | | | പൊളിച്ച് മാറ്റിയാലുടൻ നിർമ്മാണം ആരംഭിക്കാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ